SUNDAY 22/03/2026 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

**Chief Editor:** SINDHU. K S  **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 22/03/2026

1. സംസ്ഥാനത്തിലെ കാർഷിക സേവനങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമായി നടത്തുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡിജിറ്റൽ സംവിധാനങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട സേവനങ്ങൾ 2026 മാർച്ച് 15 മുതൽ എയിംസ് (AIMS) 2.0 പോർട്ടലിലേക്ക് മാറ്റുന്നു. പുതിയ പോർട്ടൽ aimsnew.kerala.gov.in എന്ന വിലാസത്തിലാണ് ലഭ്യമാകുക. 2026 മാർച്ച് 15 മുതൽ സമർപ്പിക്കുന്ന എല്ലാ പുതിയ വിള ഇൻഷുറൻസ് അപേക്ഷകളും AIMS 2.0 പോർട്ടൽ വഴിയാണ് സ്വീകരിക്കുക. പുതിയ സംവിധാനത്തിൽ ഇൻഷുറൻസ് അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് കർഷകർ നോമിനിയുടെ വിവരങ്ങൾ (പേര്, ബന്ധം, തിരിച്ചറിയൽ രേഖകൾ) പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്. നിലവിൽ AIMS 1.0 പോർട്ടൽ വഴി ഇൻഷുറൻസ് പോളിസി എടുത്തിട്ടുള്ള കർഷകർക്ക് വിളനാശം സംഭവിക്കുന്ന സാഹചര്യത്തിൽ നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ AIMS 2.0 പോർട്ടൽ വഴി സമർപ്പിക്കാവുന്നതാണ്. എന്നാൽ 2026 മാർച്ച്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

14 വരെ AIMS 1.0 പോർട്ടലിൽ അനുകൂല്യത്തിനായി സമർപ്പിച്ച അപേക്ഷകളുടെ തുടർ നടപടികൾ അതേ പോർട്ടലിൽ തന്നെ പൂർത്തിയാക്കുന്നതായിരിക്കും. വിള ഇൻഷുറൻസ് പ്രീമിയം നിരക്കുകളിലും അപേക്ഷ സമർപ്പിക്കേണ്ട സമയപരിധിയിലും മാറ്റമില്ല. ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനായി കർഷകർ നിർബന്ധമായും പുതിയ പോർട്ടലിൽ നോമിനി വിവരങ്ങൾ മുൻകൂട്ടി അപ്ഡേറ്റ് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും സാങ്കേതിക സഹായത്തിനുമായി കർഷകർക്ക് അവരവരുടെ പരിധിയിലുള്ള കൃഷിഭവനുമായി ബന്ധപ്പെടാവുന്നതാണ്.

**<u>പരിശീലന പരിപാടി</u>**

2. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "ഹൈടെക് കൃഷി" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈന് കോഴ്സിന്റെ പുതിയ ബാച്ച് 2026 മാർച്ച് 26 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റര് ചെയ്യാം. ഏപ്രിൽ 4 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 25 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പതിനൊന്ന് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു.MOOCപ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ് . ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റ് നൽകുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് **മാർച്ച്** 26 മുതൽ യുസര് ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487-2438566.

## 3. കാർഷിക നിർദേശം

കമുകിന്റെ ഒരു പ്രധാന പ്രശ്നമാണ് മഞ്ഞളിപ്പ്. ഇത് പല കാരണങ്ങളാൽ ഉണ്ടാകാം. മഴക്കാലത്തെ നീർവാർച്ച ഇല്ലാത്തതാണ് പ്രധാന കാരണം. മണ്ണിൽ നൈട്രജൻ, പൊട്ടാഷ്, മഗ്നീഷ്യം എന്നിവയുടെ അഭാവം മഞ്ഞളിപ്പിന് ഇടയാക്കും. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ചിട്ടയായ പരിചരണത്തിലൂടെ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മഞ്ഞളിപ്പ് മാറ്റിയെടുക്കാം. എല്ലാവർഷവും ഓരോ തടത്തിലും അരകിലോ ഗ്രാം വീതം കുമ്മായം 100 ഗ്രാം മഗ്നീഷ്യം,100 ഗ്രാം മൈക്രോന്യൂട്രിയന്റ് ഫുഡ് എന്നിവ ചേർക്കുന്നത് നന്നായിരിക്കും.

4. മരച്ചീനിയിലെ ഇലകരിച്ചിൽ രോഗം ഒഴിവാക്കാൻ രോഗപ്രതിരോധശേഷിയുള്ള ഇനങ്ങൾ കൃഷിചെയ്യുക. ഈ രോഗത്തിനെതിരെ ഒരു പരിധി വരെ പ്രതിരോധശേഷിയുള്ള ഇനങ്ങളാണ് H-97, H-226, H-1687, H-2304 എന്നിവ.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം